(ബി) മോട്ടോർ വാഹന നിയമപ്രകാരം 15 വർഷം വരെ മാത്രമേ സ്റ്റേജ് കാരിയേജായി സർവ്വീസ് നടത്തുവാൻ കഴിയൂ. ഇപ്രകാരം രണ്ട് വർഷത്തിനകം പതിനഞ്ച് വർഷം തികയുന്ന 15 ബസ്സുകൾ കാഞ്ഞങ്ങാട് ഡിപ്പോയിൽ നിലവിലുണ്ട്.

(സി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് സൂപ്പർ ശ്രേണി വിഭാഗത്തിൽ നിന്നും മാറ്റപ്പെടുന്ന ബസുകൾ പകരം അനുവദിക്കുന്നതാണ്.

വാഹനങ്ങളിലെ ഹോൺ ദുരുപയോഗം

323 (329) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളിലെ ഹോൺ ദുരുപയോഗം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അനുവദനീയ ഡെസിബലിൽ കൂടിയ ഹോണുകൾ ഫിറ്റ് ചെയ്ത് നിരന്തരം മുഴക്കി ശല്യമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് അപകടങ്ങൾക്കും വഴിയാത്രക്കാർക്ക് ഉരുതര ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവുന്നുണ്ടെന്ന കാര്യം പരിഗണിക്കുമോ ;

(സി) നഗരങ്ങളിൽ വേഗപരിധിയും, ഗതാഗത നിയന്ത്രണത്തിന് സിഗ്നൽ സംവിധാനവും, കാര്യക്ഷമമായ ട്രാഫിക് നിയന്ത്രണ സംവിധാനവും നിലനില്ക്കുന്ന സാഹചര്യത്തിൽ നഗരപരിധികളിൽ ഹോൺ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നുണ്ട്.

(സി) വാഹനങ്ങളിലെ ഹോൺ നിരോധിക്കുന്നതിനുള്ള അധികാരം 1988-ലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ആയതിനാൽ നഗരാതിർത്തിക്കുള്ളിൽ ഹോൺ നിരോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിനോ, സംസ്ഥാന സർക്കാരിനോ കഴിയുകയില്ല. എന്നിരുന്നാലും എയർ ഹോണിന്റെ ഉപയോഗം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly